പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1595 — 11-02-2013- ൽ മറുപടിയ്ക്ക്

## നഗരസഭകളിലെ വസ്തു നികുതി പുനർ നിർണയത്തിലെ അപാകതകൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) | നഗരസഭകളിലെ വസ്തു നികുതി പുനർ നിർണയവുമായി ബന്ധപ്പെട്ട് 2011 ജനുവരിയിൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിരവധി അപാകതകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വസ്തു നികുതി പുനർ നിർണയവുമായി ബന്ധപ്പെട്ട ചട്ടങ്ങളിലും നിരക്കിലും അപാകതകൾ ഉള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കുന്നതിന് മുനിസിപ്പൽ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ് |
| (ബി) | നഗരസഭകൾക്ക് വരുമാന നഷ്ടമുണ്ടാക്കാത്ത വിധവും സാധാരണ വീട്ടുടമകൾക്ക് അമിതഭാരം ഉണ്ടാക്കാത്ത വിധവും പ്രായോഗിക രീതിയിൽ പുനർ നിർണയം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ